"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

ട്രെയിനിംഗ് ഡയറക്ടറുടെ കാര്യാലയം
28 MAR 2025

സംഗ്രഹം

തൊഴിലും നൈപുണ്യവും വകുപ്പ് - വ്യാവസായിക പരിശീലനം - സർക്കാർ, പൊതുമേഖലാ സ്ഥാപനങ്ങളിലെ വെൽഡർ (ജനറൽ) ട്രേഡ് നിയമന യോഗ്യതയായി പരിഗണിക്കുന്ന തസ്തികകളിലേയ്ക്ക് വെൽഡർ അഡ്വാൻസ്ഡ് ട്രേഡായ വെൽഡർ (സ്ട്രക്ചറൽ) ട്രേഡ് യോഗ്യതയുള്ള ഉദ്യോഗാർത്ഥികളെക്കൂടി പരിഗണിക്കുന്നതിന് അനുമതി നല്കി ഉത്തരവ് പുറപ്പെടുവിക്കുന്നു.

തൊഴിലും നൈപുണ്യവും (സി) വകുപ്പ്

സ.ഉ.(സാധാ) നം.383/2025/LBR തീയതി,തിരുവനന്തപുരം, 25-03-2025

പരാമർശം:- 1. 16.06.2022-ലെ സ.ഉ(സാധാ) നം.678/2022/തൊഴിൽ.

2. ട്രെയിനിംഗ് ഡയറക്ടറുടെ 25.09.2024-ലെ ഡിടി/323/2022-എഫ്1 നമ്പർ കത്ത്.

ഉത്തരവ്

സർക്കാർ, പൊതുമേഖലാ സ്ഥാപനങ്ങളിലെ വെൽഡർ (ജനറൽ) ട്രേഡ് നിയമന യോഗ്യതയായി പരിഗണിക്കുന്ന തസ്തികകളിലേയ്ക്ക് അഡ്വാൻസ്ഡ് ട്രേഡുകളായ വെൽഡർ (വെൽഡിംഗ് ആന്റ് ഇൻസ്പെക്ഷൻ), വെൽഡർ (പൈപ്പ്) വെൽഡർ (ജി ആന്റ് ജി) തുടങ്ങിയ യോഗ്യതയുള്ള ഉദ്യോഗാർത്ഥികളെക്കൂടി പരിഗണിക്കുന്നതിന് അനുമതി നല്കിക്കൊണ്ട് പരാമർശം 1 പ്രകാരം ഉത്തരവായിരുന്നു.

2) വെൽഡർ അഡ്വാൻസ്ഡ് ട്രേഡായ വെൽഡർ (സ്ട്രക്ചറൽ) ട്രേഡ് കൂടി പരാമർശം 1-ലെ ഉത്തരവിൽ ഉൾപ്പെടുത്തണമെന്ന് അഭ്യർത്ഥിച്ചുകൊണ്ട് കണ്ണൂർ ഐ.ടി.ഐ. ട്രെയിനികൾ സമർപ്പിച്ച അപേക്ഷ പരിശോധിക്കുന്നതിനായി നിയോഗിച്ച വകുപ്പുതല കമ്മിറ്റി സമർപ്പിച്ച റിപ്പോർട്ട് പ്രകാരം വെൽഡർ (ജനറൽ) ട്രേഡിലെ സിലബസിന്റെ ഏകദേശം 80% ട്രേഡ് തിയറി, ട്രേഡ് പ്രാക്ടിക്കൽ എന്നിവയും 100% എഞ്ചിനീയറിംഗ് ഡ്രോയിംഗ്, വർക്ക്ഷോപ്പ് കാൽക്കുലേഷൻ ആന്റ് സയൻസ്, എംപ്ലോയബിലിറ്റി സ്കിൽ എന്നിവയും വെൽഡർ (സ്ട്രക്ചറൽ) ട്രേഡിൽ ഉൾപ്പെട്ടിട്ടുള്ള സാഹചര്യത്തിൽ പരാമർശം 1-ലെ ഉത്തരവിൽ വെൽഡർ (സ്ട്രക്ചറൽ) ട്രേഡ് കൂടി ഉൾപ്പെടുത്തി മേൽ ഉത്തരവ് പരിഷ്ക്കരിക്കണമെന്ന് പരാമർശം 2 പ്രകാരം ട്രെയിനിംഗ് ഡയറക്ടർ സർക്കാരിലേയ്ക്ക് ശിപാർശ ചെയ്യുകയുണ്ടായി.

3) സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. ട്രെയിനിംഗ് ഡയറക്ടറുടെ

ശിപാർശയുടെ അടിസ്ഥാനത്തിൽ, സർക്കാർ, പൊതുമേഖലാ സ്ഥാപനങ്ങളിലെ വെൽഡർ (ജനറൽ) ട്രേഡ് നിയമന യോഗ്യതയായി പരിഗണിക്കുന്ന തസ്തികകളിലേയ്ക്ക് അഡ്വാൻസ്ഡ് ട്രേഡുകളായ വെൽഡർ (വെൽഡിംഗ് ആന്റ് ഇൻസ്പെക്ഷൻ), വെൽഡർ (പൈപ്പ്) വെൽഡർ (ജി ആന്റ് ജി) തുടങ്ങിയ യോഗ്യതയുള്ള ഉദ്യോഗാർത്ഥികൾക്ക് പുറമേ വെൽഡർ (സ്ട്രക്ചറൽ) ട്രേഡ് യോഗ്യതയുള്ള ഉദ്യോഗാർത്ഥികളെക്കൂടി പരിഗണിക്കുന്നതിന് അനുമതി നല്കി, പരാമർശം 1-ലെ ഉത്തരവ് പരിഷ്ക്കരിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

ഗവർണറുടെ ഉത്തരവിൻ പ്രകാരം)

എൻ.കെ.ചന്ദ്ര

അഡിഷണൽ സെക്രട്ടറി

സെക്രട്ടറി, കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ, തിരുവനന്തപുരം (ആമുഖ കത്ത് സഹിതം)

ഡയറക്ടർ, വ്യാവസായിക പരിശീലന വകുപ്പ്, തിരുവനന്തപുരം

അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്/ എ ആന്റ് ഇ) കേരള, തിരുവനന്തപുരം.

വിവര പൊതുജന സമ്പർക്ക (വെബ് & ന്യൂ മീഡിയ) വകുപ്പ് (ഗവ. വെബ് സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിനായി)

കരുതൽ ഫയൽ / ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

Signed by
Usha Rani L
Date: 26-05-2025 14:19:46

സെക്ഷൻ ഓഫീസർ

പകർപ്പ് - ബഹു.പൊതുവിദ്യാഭ്യാസവും തൊഴിലും വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിയ്ക്ക്.